C.C Meeting/Urgent

GOVERNMENT OF KERALA

No.267/DA1/2016/LSGD

Local Self Government(DA)Dept,
Thiruvananthapuram, Dated, 17.06.2016.

From.

Principal Secretary to Government

To

The Member Secretary, State Planning Board, Thiruvananthapuram
The Member (Decentralised Planning) State Planning Board,Thiruvananthapuram
The Executive Director Kudumbashree, Trida Complex Medical College (P.O)
Thiruvananthapuram.
The Secretary, Planning & Economic Affairs Department,
The Secretary, Finance (Resources) Department
The Principal Secretary, SC Development Department, Thiruvananthapuram
The Secretary, ST Development Department, Thiruvananthapuram
The State Performance Audit Officer
The Director of Panchayat, Thiruvananthapuram
The Director of Urban Affairs, Thiruvananthapuram
The Commissioner of Rural Development, Thiruvananthapuram
The Director KILA, Thrissur
The Director IKM, Thiruvananthapuram
The Chief Engineer, LSGD, Thiruvananthapuram
The Project Director, KLGSDP, Thiruvananthapuram
The Director, SC/ST Development Department
The Director, Suchitwa Mission, Thiruvananthapuram

Sir,

Sub:-LSGD- Decentralised Planning-State Level Co-ordination Committee Meeting - Convening of - Reg.

Ref:- (1) G.O(MS).No.250/11/ LSGD dated 15.10.2011
(2) Circular No.8821/DA1/2015/LSGD dated 30.03.2015.

I am directed to inform you that the next meeting of Co-ordination Committee is scheduled to be held on 22.06.16 at 11 A.M in the chamber of M(LSG&WM) 4th floor Annex-I Govt. Secretariat, Thiruvananthapuram.

Kindly make it convenient to attend the meeting. Agenda note for the meeting is also enclosed.

Yours faithfully,
A.K.Mohana Kumar,
Joint Secretary
For Principal Secretary to Government.

Approved for issue

Section Officer.

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി**

**22.06.2016 ബുധനാഴ്ച കൂടുന്ന യോഗത്തിന്റെ അജണ്ട.**

**സമയം രാവിലെ 11 മണിക്ക്. സ്ഥലം ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ**

1. പൊതു വിഷയങ്ങൾ

2. 1. 2016-17 വാർഷിക പദ്ധതി രൂപീകരണ പുരോഗതി അവലോകനം

| | |
|---|---|
| 1. ഗ്രാമപഞ്ചായത്തുകൾ | : പഞ്ചായത്ത് ഡയറക്ടർ. |
| 2. ബ്ലോക്ക് പഞ്ചായത്തുകൾ | : ഗ്രാമവികസന കമ്മീഷണർ |
| 3. ജില്ലാ പഞ്ചായത്തുകൾ | : പഞ്ചായത്ത് ഡയറക്ടർ. |
| 4. മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ | : നഗരകാര്യ ഡയറക്ടർ. |

3. പ്രത്യേക വിഷയങ്ങൾ

3.1. കേരള പഞ്ചായത്ത് രാജ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച പദ്ധതി ആസൂത്രണം സംബന്ധിച്ച വിവിധ നിർദ്ദേശങ്ങൾ.

ഉല്പാദന മേഖലയ്ക്ക് 30% തുക വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും അതിൽ 10% തുക മാലിന്യ നിർമ്മാർജ്ജനത്തിനായി വകയിരുത്തുകയും വേണം.

പദ്ധതി ഡി.പി.സി അംഗീകാരത്തിന് ജൂലൈ 15 വരെ സമയം അനുവദിക്കുക.

വർക്കിംഗ് കമ്മിറ്റി രൂപീകരണം, പദ്ധതി രൂപീകരണം, പ്രോജക്റ്റ് വെറ്റിംഗ് എന്നിവ ഈ സാമ്പത്തിക വർഷത്തേയ്ക്ക് 2015-16-ൽ നിലനിന്നിരുന്ന രീതി തുടരാൻ അനുവദിക്കുക.

(അസോസിയേഷൻ സെക്രട്ടറി സമർപ്പിച്ച പദ്ധതി ഭേദഗതി നിർദ്ദേശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.)

3.2 വയോജന സൗഹൃദ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് ചെയർമാൻ സമർപ്പിച്ച നിർദ്ദേശങ്ങൾ.

വയോജന സൗഹൃദ പദ്ധതി നടപ്പാക്കുന്നതിൽ പഞ്ചായത്തുകൾ സാമൂഹ്യ നീതി വകുപ്പുമായി സഹകരിക്കണം.

പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിയ്ക്കും ഈ പ്രോജക്ടുമായി സഹകരിക്കുന്നതിനും നടപ്പാക്കുന്നതിനും നിർദ്ദേശം നൽകുക.

പഞ്ചായത്തുകൾ ബഡ്ജറ്റ് വിഹിതത്തിൽ 5% ഫണ്ട് വയോജന സൗഹൃദ പദ്ധതിയ്ക്കായി മാറ്റി വയ്ക്കുക.

പദ്ധതി നടത്തിപ്പിന് എല്ലാവിധ സഹായവും സഹകരണവും നൽകാൻ ബന്ധപ്പെട്ട ഓഫീസേഴ്സിന് നിർദ്ദേശം നൽകുക.

3.3 ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള. ചെയർമാൻ സമർപ്പിച്ച പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ.

(പ്രസക്ത ഭാഗങ്ങൾ ഉള്ളടക്കം ചെയ്യുന്നു)

**2016-17 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗരേഖയുടെ ഭേദഗതി നിർദ്ദേശങ്ങൾ:-**

1. 2015-16 സാമ്പത്തിക വർഷത്തെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തെ (2016-17) പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കണം.
2. വികസന ഫണ്ടിൽ- അനിവാര്യ ചുമതലകൾ കഴിച്ച് ബാക്കി വരുന്ന തുകയുടെ കുറഞ്ഞത് 30% തുകയെങ്കിലും ഉത്പാദന മേഖലക്കായി മാറ്റിവയ്ക്കണം. ഇതിന്റെ 50% കൃഷിയ്ക്കായിരിക്കണം.
3. സബ്സിഡി മാനദണ്ഡം

- നെൽവിത്ത്, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ എന്നിവയ്ക്കുള്ള സബ്സിഡി നിലവിൽ 80% എന്നത് 100% ആയി വർദ്ധിപ്പിക്കണം. നിലവിലുള്ള പരിധി ഒര് ഏക്കർ എന്നത് വർദ്ധിപ്പിക്കണം.
- പച്ചക്കറി തൈകൾക്കും വിത്തിനുമുള്ള സബ്സിഡി, കുടുംബശ്രീ യൂണിറ്റുകളുടേയും, സ്വാശ്രയ സംഘങ്ങളുടെയും, കാർഷിക കർമ്മസേനകളുടേയും, ചുമതലയിൽ നടക്കുന്ന കാർഷിക സംരംഭങ്ങൾക്കും ലഭ്യമാക്കണം. പയർ വർഗ്ഗം, ധാന്യങ്ങൾ എന്നിവയ്ക്കുള്ള വിത്തിന്റെ സബ്സിഡി 50% വരെ നിൽക്കാൻ സംവിധാനമുണ്ടാവണം.
- കുടുംബശ്രീ യൂണിറ്റുകൾക്ക്, സ്വാശ്രയ സംഘങ്ങൾക്ക്, കാർഷിക കർമ്മസേനകൾക്ക്, പോളീഹൗസ് നേഴ്സറി സ്ഥാപിക്കാനുള്ള സബ്സിഡി നൽകണം.
- നെൽകൃഷിയിൽ- ഉത്പാദന ബോണസ് ഒരു ഹെക്ടറിന് 2500 രൂപ വീതം നൽകണം.
- കാർഷിക കർമ്മസേനയുടെ രൂപീകരണം, പരിശീലനം, തൊഴിൽ ദാനം, റേറ്റ് ഫിക്സിങ്ങ്, ഓഫീസ്മാനേജ്മെന്റ് പരിശീലനം എന്നിവയ്ക്കായി കുറഞ്ഞത് 50,000 രൂപ ഉത്പാദന മേഖലയിൽ വിനിയോഗിക്കാൻ അനുമതി നൽകണം.
- കാർഷിക ഉൽപ്പന്നങ്ങളുടേയും, ഉത്പാദനോപാദികളുടേയും സംഭരണവും വിപണനവും ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ടതാണ്.
- ക്യാറ്റിൽ ഷെഡ്ഡിന്റെ നിർമ്മാണത്തിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ബാധകമാക്കണം.
- മദ്യം, മയക്കു മരുന്ന്, സാങ്കേതിക വിദ്യയുടെ ദുരുപയോഗം തുടങ്ങിയവയ്ക്കെതിരെ കൗൺസിലിങ്ങ്, ഡീ അഡിക്ഷൻ തുടങ്ങിയ പ്രവർത്തനത്തിനായി 50,000 രൂപ വരെ വിനിയോഗിക്കാൻ അനുമതി നൽകണം. ഒരു മൂല്യാധിഷ്ഠിത സമൂഹം കെട്ടിപ്പെടുത്തുന്നതിന് ഇത് ആവശ്യമാണ്.

7/6/18
DP

- വെയ്സ്റ്റ് മാനേജ്മെന്റ്, ജലസംരക്ഷണം തുടങ്ങിയവയെ സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി പരമാവധി 50,000 രൂപ വരെ വിനിയോഗിക്കാൻ കഴിയണം.
- യുവജനങ്ങൾക്കും, സ്കൂൾ വിദ്യാർത്ഥികൾക്കുമായുള്ള കലാകായിക പരിശീലനം യുവജനക്ഷേമ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം.
- വനിതകൾ, വയോജനങ്ങൾ കുട്ടികൾ എന്നിവർക്ക് യോഗ പരിശീലനത്തിന് അനുമതി നൽകണം.
- വനിതകൾക്ക്:- നിയമപരിരക്ഷ മറ്റ് സേവനങ്ങൾ തൊഴിൽ പരിശീലനങ്ങൾ, മാനേജ്മെന്റ് പരിശീലനങ്ങൾ, ജാഗ്രതാ സമിതിയുടെ ബോധനപ്രവർത്തനങ്ങൾ എന്നിവയ്ക്ക് കൗൺസലിങ്ങിനുള്ള സംവിധാനം ഉണ്ടാകണം.
- ജാഗ്രതാസമിതി ഓഫീസ്സിൽ ഒരു ഓഫീസ് സെക്രട്ടറിക്ക് പ്രതിമാസം 2000 രൂപയെങ്കിലും ഹോണറേറിയം നൽകാൻ ഉത്തരവുണ്ടാവണം.
- ഹൈസ്കൂളിനോടൊപ്പം പ്രവർത്തിക്കുന്ന പ്രൈമറി സ്കൂളുകളിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇടപെടാൻ വേണ്ട സംവിധാനമുണ്ടാക്കണം.
- ആൺമക്കളുള്ള BPL വിധവകളെ വിധവകളാക്കി പരിഗണിച്ച് ആനുകൂല്യം നൽകാൻ അനുമതി ഉണ്ടാവണം.
- പട്ടിക ജാതി വകുപ്പിന്റെയും പഞ്ചായത്തുകളുടേയും സബ്സിഡി നിരക്കുകൾ ഏകീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണം.

- ആസൂത്രണ സംവിധാനത്തിന്റെ പുതിയ നടപടിക്രമങ്ങൾ

| മുൻമാർഗരേഖ പ്രകാരം | പുതിയ മാർഗരേഖ പ്രകാരം |
|---|---|
| 1. പ്ലാൻ കോ-ഓഡിനേറ്ററെ നിശ്ചയിക്കൽ | 1. പ്ലാൻ കോർഡിനേറ്ററെ നിശ്ചയിക്കുക |
| 2. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം | 2. അയൽ സഭകൾ |
| 3. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ- കരട് പ്രൊജക്ട് | 3. വാർഡ് വികസന സമിതി |
| 4. ആസൂത്രണ വാർഡ് സഭ | 4. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം |
| 5. വികസന രേഖ തയാറാക്കൽ | 5. സ്റ്റാറ്റസ് റിപ്പോർട്ട്- കരട് പദ്ധതി |
| 6. വികസന സെമിനാർ | 6. അയൽസഭ |
| 7. പ്രൊജക്ട് തയ്യാറാക്കൽ | 7. വാർഡ് വികസന സമിതി |
| 8. പദ്ധതി അന്തിമമാക്കൽ | 8. വർക്കിംഗ് ഗ്രൂപ്പ് |
| 9. പദ്ധതി അംഗീകരിക്കും. | 9. പദ്ധതി നിർദേശം |
| | 10. വാർഡ് സഭ |
| | 11. വികസന രേഖ |
| | 12. വികസന സെമിനാർ |
| | 13. പ്രൊജക്ട് തയ്യാറാക്കൽ |
| | 14. പദ്ധതിക്ക അന്തിമമാക്കൽ |
| | 15. പദ്ധതി അംഗീകാരം |

- പദ്ധത രൂപീകരണത്തിന് മുമ്പത്തെക്കാൾ കൂടുതൽ നടപടി ക്രമങ്ങൾ ഉണ്ടായി
- തുടർന്ന പദ്ധതിയടെ അംഗീകാരവും നടപടികളും സങ്കീർണ്ണമാണ്
- നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പരിമിതി കൂടി കണക്കിലെടുത്താൽ പദ്ധതി ആസൂത്രണത്തിന്റെ ഈ കടമ്പകൾ ഓരോവർഷവും വലിയ സമയ നഷ്ടം ഉണ്ടാക്കും. ആയതിനാൽ ഇത് പരിശോധിച്ച് കുറേക്കൂടി ലളിതമാക്കണമെന്ന് അപേക്ഷിക്കുന്നു.
- ജനങ്ങളാകെ അണിനിരന്ന് വലിയ പ്രതീക്ഷയോടെ സർഗാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചാലും അവസാനം പദ്ധതിയുടെ അംഗീകാര വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥരും വെറ്റിംഗ് ഓഫീസർമാരും ടി പദ്ധതി നിർവഹിക്കാൻ തടസവാദം ഉന്നയിച്ചാൽ പദ്ധതി അംഗീകാരം മുടങ്ങുകയും ചെയ്യും.
- ഇങ്ങനെ ജനങ്ങളാകെ അണിനിരക്കുന്ന ഒരു ആസൂത്രണ പ്രക്രിയയിൽ ഉരുത്തിരിരുന്ന ആശയങ്ങൾ കേവലം സാങ്കേതിക തടസ്സങ്ങൾകൊണ്ട് തള്ളപ്പെടുകയും ഇതുമൂലം ജനങ്ങൾക്ക് ഈ പ്രക്രിയയിൽ വിശ്വാസം നഷ്ടപ്പെടുകയും അതുവഴി വർഷം തോറും ആസൂത്രണ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം കുറയുകയും ചെയ്യുന്നു.
- പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് ഉദ്യോഗസ്ഥ സംവിധാനമായതിനാൽ ഗ്രാമസഭകൾക്കും ഭരണ സമിതിക്കും മേൽ അവരുടെ ആധിപത്യം അടിച്ചേൽപ്പിച്ചിട്ടുണ്ട് ഇതിനു പകരം പഴ TAG (Technicial Advice Group) പുനസ്ഥാപിക്കാവുന്നതാണ്.
- ഗുണ ഭോക്തൃ മുൻഗണനാ ലിസ്റ്റ് രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷം തയ്യാറാക്കണമെന്ന് മാർഗ്ഗ രേഖയിൽ പറയുന്നു. ഇത് വാർഡ് സഭയുടെ അധികാരം കവരുന്നതായതിനാൽ പുന പരിശോധിക്കണം
- പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തുന്നതിന് മുൻ വർഷം ചിലവഴിച്ച തുകയുടെ 15% അധികരിച്ച തുക മാത്രമെ വെക്കാവു. എന്നും കൂടുതൽ വെക്കുന്നതിന് പെർഫോമെൻസ് ഓഡിറ്റ് ഓഫീസറുടെ അനുമതി വേണമെന്നുമുള്ള നിബന്ധന പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സമാണ്. 11-ാം പദ്ധതികാലത്ത് സെക്രട്ടറിയുടെ ഒരു സാക്ഷ്യപത്രം മതിയായിരുന്നു. ഈ സങ്കീർണ്ണത പരിഹരിക്കണം.
- ഉൽപാദന മേഖലയിലെ വകയിരുത്തേണ്ട വിഹിതം വർദ്ധിപ്പിക്കണം. സബ്സിഡി മാനദണ്ഡങ്ങൾ പ്രായോഗികമായി നടപ്പാക്കാൻ പറ്റുന്നതാവണം. പുതിയ മാർഗ്ഗരേഖയിൽ ഉൽപാദന പദ്ധതികൾ താളം തെറ്റിക്കുന്നതാണ്. ആയതിനാൽ താഴെ വിവരിക്കുന്ന മാറ്റങ്ങൾ വരുത്തണമെന്ന് അപേക്ഷിക്കുന്നു

1. നെൽവിത്ത്, പച്ചക്കറി വിത്ത്, ജൈവവളം, തൈകൾ എന്നിവ ഒരേക്കറിനുള്ളിൽ കൃഷിചെയ്യുന്ന നാമമാത്ര കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മുമ്പ് അഞ്ചേക്കർ വരെ കൃഷിചെയ്തിരുന്ന ചെറുകിട

കർഷകർക്കും ഈ ആനുകൂല്യം ലഭിച്ചിരുന്നു. ഇത് പുനഃസ്ഥാപിക്കണം. ഇല്ലെങ്കിൽ കാർഷിക മേഖലയുടെ വൻ തകർച്ചക്ക് കാരണമാകും.

2. ജൈവവള സബ്സിഡി 75% മുൻ വർഷങ്ങളിൽ പണമായി നാമമാത്ര ചെറുകിട കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയായിരുന്നു രീതി. ഇത് വലിയ ആശ്വാസമാണ് കർഷകർക്ക് നൽകിയിരുന്നത്. എന്നാൽ പുതിയ മാർഗ്ഗരേഖ പ്രകാരം ഗവൺമെന്റ് നിശ്ചയിച്ച ചില കമ്പനിക്കാരിൽ നിന്നും ജൈവവളം നഗരസഭ വിലക്കുവാങ്ങി നാമമാത്ര കർഷകനുമാത്രം നൽകണം എന്ന നിബന്ധന കർഷക ദ്രോഹ നിലപാടാണ്. ഇത് പഴയ രീതിയിലാക്കുകയും ചെറുകിട കർഷകനെ കൂടി സബ്സിഡിക്ക് പരിഗണിക്കുകയും വേണം.

3. നെൽകൃഷിയിൽ കൂലിചിലവ് ഉയർത്തിയിട്ടുണ്ടെങ്കിലും സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്നവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഇത് പാട്ടത്തിന് സ്ഥലമെടുത്ത് കൃഷി ചെയ്യുന്ന ധാരാളം സാധാരണക്കാരായ കർഷകനെ ദോശകരമായി ബാധിക്കുകയും നെൽകൃഷി കുറയാൻ ഇടയാക്കുകയും ചെയ്യും. ആയതിനാൽ ഇത് തിരുത്തണം.

4. നിരന്തര പരീക്ഷണത്തിലൂടെ സ്വയം ജൈവ കീടനാശിനികൾ ഉണ്ടാക്കി ഉപയോഗിക്കുന്നതിന് കർഷകർക്ക് മുമ്പ് 50% സബ്സിഡി പണമായി-ബാങ്ക് അക്കൗണ്ടിൽ നൽകിയിരുന്നു. എന്നാൽ പുതിയ മാർഗ്ഗ രേഖ പ്രകാരം ഗവ. നിർദ്ദേശിച്ച സ്വകാര്യ കമ്പനികളിൽ നിന്നും ജൈവ കീടനാശിനി വാങ്ങി നൽകാനെ പറ്റൂ എന്ന നിബന്ധന കർഷകന്റെ പ്രയത്നത്തെ തകർക്കും. ആയതിനാൽ ഇത് പുനഃസ്ഥാപിക്കണം.

5. പച്ചക്കറി കൃഷിക്കുള്ള കൂലി ചിലവ് നാമമാത്ര കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയതിലൂടെ ചെറുകിട കർഷകരായ ലക്ഷങ്ങൾ സബ്സിഡി ലഭിക്കാതാവും. ഇത് പച്ചക്കറി കൃഷിയിൽ പ്രതിസന്ധി സൃഷ്ടിച്ചു. ആയതിനാൽ അവരെകൂടി പരിഗണിക്കണം.

6. കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം സഹകരണ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയത് കർഷകർക്ക് ദോഷം ചെയ്യും. ഇത് കർഷകർക്ക് കൂടി നൽകാന തീരുമാനിക്കണം

7. മൃഗ പരിപാലനത്തിൽ മുൻ മാർഗ്ഗരേഖകളിൽ തൊഴുത്ത് നിർമ്മാണത്തിന് ധന സഹായം ഉണ്ടായിരുന്നു. എന്നാൽ പുതിയ മാർഗ്ഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിട്ടില്ല. ഇതോടൊപ്പം തൊഴുത്ത് നവീകരണത്തിന് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

8. ഗുണഭോക്താക്കൾക്ക് മുൻ കാലങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന് മാർഗ്ഗരേഖ പറയുന്നു. ഇത് ഒരു പഞ്ച വത്സര പദ്ധതിക്കാലത്ത് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന രീതിയിൽ ഉറപ്പാക്കുന്നതായിരിക്കും അഭികാമ്യം.

9. പാലുൽപാദനത്തിന് ആനുപാതികമായി കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് സബ്സിഡി പരാതി 10000 രൂപ എന്ന് പരിമിതപ്പെടുത്തിയിട്ടുള്ളത് അപര്യാപ്തമാണ്. ഇത് 25000 രൂപയാക്കി ഉയർത്തണം.

10. പാൽ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് മാത്രമെ കാലിത്തീറ്റയും സബ്സിഡിയും അനുവദിക്കൂ എന്ന മാർഗ്ഗരേഖ അയൽ വീടുകളിൽ പാൽ വിതരണം ചെയ്ത് ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിന് സാധാരണക്കാരായ ക്ഷീരകർഷകരെ ഈ അനുകൂല്യങ്ങളിൽ നിന്നകറ്റുന്നു. മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്കും സബ്സിഡി ലഭ്യമാക്കാൻ നടപടി വേണം.

11. ഉരുക്കളുടെ വിലവർദ്ധന കണക്കിലെടുത്ത് കറവപശുക്കൾക്കുള്ള സബ്സിഡി പരിധി 25000 രൂപയാക്കി പുനർ നിശ്ചയിക്കണം.

12. കോഴി- താറാവ് തുടങ്ങിയ വളർത്തു പക്ഷികളെ നൽകുന്നതിനുള്ള മാർഗ്ഗരേഖ കാലോചിതമാക്കണം.

13. സ്വയം തൊഴിൽ പദ്ധതികൾ കാലോചിതമായ മാർഗ്ഗ രേഖയുണ്ടാക്കണം.

14. വിദ്യാഭ്യാസ മേഖലയിൽ സാഹചര്യത്തിനനുസൃതമായി മാർഗ്ഗ രേഖ നവീകരിക്കണം

15. എസ്.എസ്.എ പദ്ധതികൾക്കായി നഗരസഭ അടക്കുന്ന സംഖ്യക്ക് ആനുപാതികമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇന്ന് എസ്.എസ്.എ നൽകുന്നില്ല. ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തണം.

16. പഠന നിലവാരം ഉയർത്താനും വിദ്യാഭ്യാസ ഗുണ നിലവാരം വർദ്ധിപ്പിക്കാനും ഉതകുന്ന പരിശീലന പരിപാടികൾ

സംഘടിപ്പിക്കാനും ശില്പശാലകളും കരിയർ ഗൈഡൻസ് കോച്ചിംഗ് എന്നിവ നടത്തുന്നതിനും മാർഗ്ഗരേഖയിൽ വ്യക്തമായ പരാമർശം ഉണ്ടാവണം.

17. ഉച്ചഭക്ഷണം - പ്രഭാത ഭക്ഷണം എന്നിവ കാര്യക്ഷമമാക്കാനും മികച്ചതാക്കാനും തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടി പങ്കാളിത്തം നൽകാൻ മാർഗ്ഗ രേഖ നിർദ്ദേശിക്കണം.

18. കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവന നൽകുന്ന എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നത് സാധാരണക്കാരായ വിദ്യാർത്ഥികളാണ്. എന്നാൽ ഗവ. സ്കൂളിലെ കുട്ടികൾക്ക് പഠന സഹായികളായി ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ, ലൈബ്രറി - സ്പോർട്സ് ഉപകരണങ്ങൾ, സൈക്കിൾ തുടങ്ങി നൽകുമ്പോൾ എയ്ഡഡ് സ്കൂളിനു കൂടി നൽകുന്നത് ഓഡിറ്റർമാർ നിരന്തരം തടസ്സപ്പെടുത്തുന്നുണ്ട്. ഈ രണ്ട് വിദ്യാലയങ്ങളിലും സാധാരണക്കാരന്റെ മക്കളാണ് പഠിക്കുന്നതെന്നിരിക്കെ വിവേചനം പാടില്ല. ആയതിനാൽ ഇതിന് വ്യക്തമായ മാനദണ്ഡം ആവിഷ്കരിക്കണം.

19. എയ്ഡഡ് സ്കൂളുകളുടെ ഭൗതിക നിലവാരം ഇന്ന് പരിതാപകരമാണ്. ആയതിനാൽ ചില മേഖലയിലെങ്കിലും എയ്ഡഡ് സ്കൂളിന്റെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് നഗരസഭക്ക് ഇടപെടാൻ മാർഗരേഖയിൽ അനുവാദം ഉണ്ടാവണം.

20. അഗതികളും തെരുവിലലയുന്നവരുമായവർക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യാൻ മാർഗ്ഗ രേഖയിൽ പ്രഖ്യാപനം വേണം.

21. ആരോഗ്യരംഗത്ത് കൂടുതൽ ഇടപെടൽ സാധ്യമാക്കുന്നതിന് ഉതകുന്നരൂപത്തിൽ മാർഗ്ഗ രേഖ പരിഷ്കരണം വരുത്തണം.

എ. ആരോഗ്യ പരിശീലനം - മെഡിക്കൽ ക്യാമ്പ് - ആരോഗ്യ ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തുന്നതിന് പര്യാപ്തമാകുന്ന രൂപത്തിൽ മാർഗ്ഗരേഖ പരിഷ്കരിക്കണം.

ബി. ഉറവിട നശീകരണവും നഗരസഭ നിർദ്ദേശിക്കുന്ന ആരോഗ്യ പ്രവർത്തനങ്ങളും നടത്തുന്നതിന് ആശ വർക്കർമാർക്ക് അധിക ഹോണറേറിയം നൽകാൻ മാർഗ്ഗരേഖയിൽ അനുവാദം നൽകണം.

സി. ഏറെ പ്രശംസനീയമായി നടന്നുകൊണ്ടിരിക്കുന്ന സാന്ത്വന ഗൃഹപരിചരണത്തെ സംബന്ധിച്ച് സർക്കാരിന്റെ തസ്വഭവ (ഡി.എ) 3217/2015 എന്ന ഉത്തരവിലെ തെറ്റായ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഒഴിവാക്കണം.

1. ഹോംകെയറിനു പോകുന്ന ഒരു ടീമിന്റെ ഭക്ഷണച്ചിലവ് 180 രൂപയായി കുറവ് ചെയ്തിട്ടുണ്ട്. ഇത് മുമ്പ് 600 ആയിരുന്നു. ഇത് പുനസ്ഥാപിക്കണം.

2. ഗൃഹപരിചരണ വിങ്ങിന്റെ ഫോൺ അലവൻസ് ഒഴിവാക്കിയത് പുനസ്ഥാപിക്കണം.

3. ഒരു ലക്ഷം ജനസംഖ്യക്ക് ഒരു ഹോം കെയർ യൂണിറ്റ് എന്നത് വളരെ അപര്യാപ്തമാണ്. ഇത് 25000 പേർക്ക് 1 എന്നരീതിയിൽ ഭേദഗതി ചെയ്യണം.

4. വാഹന വാടക നൽകുന്നതിൽ ടി ഉത്തരവിലെ അശാസ്ത്രീയ നിബന്ധനകൾ റദ്ദാക്കണം.

22. ഭവന പദ്ധതികളുടെ സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുകയും മാനദണ്ഡങ്ങൾ പരിഷ്കരിക്കുകയും ചെയ്യണം. ഗഡുക്കളാക്കി നൽകുന്നതിലെ സങ്കീർണ്ണ നടപടിക്രമങ്ങൾ ഒഴിവാക്കണം.

23. റോഡ് പ്രവർത്തികൾക്ക് 10% പ്ലാസ്റ്റിക് ടാർ ഉപയോഗിച്ചിരിക്കണം എന്ന മാർഗ്ഗരേഖാ നിർദേശം വ്യക്തതയില്ലാത്തതും പ്രായോഗികമാക്കാൻ പ്രയാസമുള്ളതുമായതിനാൽ പിൻവലിക്കണം.

24. പദ്ധതികൾ ഓൺലൈനിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുമ്പോൾ വെറ്റിംഗ് ഓഫീസർമാർ നിശ്ചയിച്ച ദിവസം തന്നെ അംഗീകാരത്തിനയച്ച് വാങ്ങണമെന്ന നിബന്ധന അപ്രായോഗികമാണ്. വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്ത നഗരസഭകളിൽ പദ്ധതി ഓവർടൈം ജോലി ചെയ്ത് രാത്രി കാലങ്ങളിലായിരിക്കും സമർപ്പിക്കുക. ഇത്തരം സൗകര്യങ്ങൾ നഷ്ടപ്പെടുത്തുന്നത് കാലതാമസത്തിന് ഇടയാക്കും.

25. എസ്.സി ഫണ്ടിന്റെ വിനിയോഗത്തിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തണം

എ. പട്ടിജാതി കോളനിയായി പരിഗണിക്കണമെങ്കിൽ 10 കുടുംബം വേണമെന്ന നിബന്ധന മാറ്റം വരുത്തി 5 കുടുംബം എന്നാക്കണം.

ബി. വീട് നിർമ്മാണം ,സ്ഥലംവാങ്ങൽ എന്നി പദ്ധതികൾ വ്യക്തികൾക്ക് പണം നൽകുന്നത് ക്രത്യമായി ചിലവഴിക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്. ആയതിനാൽ നഗരസഭക്ക് നേരിട്ട് വീട് നിർമ്മിക്കാനും, സ്ഥലം വാങ്ങി നൽകാനും അനുവാദം ഉണ്ടാവണം.

സി. എസ്.സി, യുവജന ക്ഷേമ പദ്ധതികൾക്ക് 10% നിർബന്ധിത വകയിരുത്തൽ അപ്രയോഗികമായതിനാൽ പിൻവലിക്കണം.

ഡി. എസ്.സി വിവാഹധന സഹായത്തിനുള്ള അപേക്ഷ അതാതു സാമ്പത്തിക വർഷമെ പരിഗണക്കാവു എന്ന നിബന്ധന മാറ്റി. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് നൽകാവുന്നതാണെന്ന നിബന്ധന വെക്കണം.

26. വിധവകൾ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർക്ക് വൃദ്ധർ, ഇതര സംസ്ഥാനക്കാർ തുടങ്ങിയവർക്ക് മാതൃകാപരവും സർഗാത്മകവുമായ പദ്ധതികൾക്ക് ഗ്രാമസഭയിൽ നിന്നും നിർദ്ദേശം വന്ന് നഗരസഭ കൗൺസിൽ അംഗീകരിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് മാർഗരേഖയിൽ അനുമതി നൽകുക. ഇത്തരം നല്ല ഭാവനാ പരമായ പദ്ധതികൾ നിർദ്ദേശിക്കപ്പെടുമ്പോഴും നിർവഹണ ഉദ്യോഗസ്ഥർ മാർഗ നിർദ്ദേശത്തിൽ ഇല്ലെന്നും ഓഡിറ്റ് പരാമർശം വരുമെന്നും ഭയന്ന് പദ്ധതികൾ നടപ്പാക്കുന്നതിൽ നിന്നും പുറകോട്ട് പോവുന്നത് തടയാൻ ഇതുപകരിക്കും. പെരുമ്പാവൂരിലെ ജിഷ കൊലപാതകം പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രാദേശിക ഭരണകൂടങ്ങളെ വിശ്വാസത്തിലെടുക്കുന്ന ഇത്തരം പദ്ധതികൾ ഉപകരിക്കും.

27. ഓഡിറ്റ് സംവിധാനം കാലാനുസൃതമാക്കണം. ഓഡിറ്റ് പരാമർശങ്ങൾ ഭയന്ന് പദ്ധതി നടത്തിപ്പിനെ താളം തെറ്റിക്കുകയും വൈകിപ്പിക്കുകയും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിക്കുന്നു. ഇതിൽ പ്രധാനം ലോക്കൽ ഫണ്ട് ഓഡിറ്റാണ്. മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത എല്ലാ പദ്ധതികൾക്കുമെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റർമാർ പരാമർശം നടത്തുന്നത് തദ്ദേശ ഭരണത്തിന്റെ അന്തസത്ത ചോർത്തുന്നു.

ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്ക് നൽകുന്ന ഫണ്ട് ഗവൺമെന്റിന്റെ നിർദേശ പ്രകാരം ആ വകുപ്പ് ചിലവഴിച്ചോ എന്ന് പരിശോധിക്കുകയാണ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രധാന കടമ. ഇവിടെ ഗവൺമെന്റ് സ്വയം ഭരണാധികാരമുള്ള ഒരു ഭരണകൂടത്തിന് നൽകിയ ഫണ്ടിന്റെ വിനിയോഗം ഒരു ഡിപ്പാർട്ട് മെന്റിനു നൽകിയ ഫണ്ടിന്റെ സമാനരൂപത്തിൽ നോക്കികാണുന്നത് അശാസ്ത്രീയമാണ്. ഗവൺമെന്റ് നൽകിയത് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമാണ്. ഈ വിഹിതത്തിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ഗ്രാമസഭകളിൽ ചർച്ച നടന്നു, വർക്കിംഗ്ഗ്രൂപ്പുകളിൽ ചർച്ച നടന്നു, വികസന സെമിനാറിൽ ചർച്ച നടന്നു, ഇന്ത്യൻ ഭരണഘടന പ്രകാരമുള്ള ജനങ്ങൾതിരഞ്ഞെടുത്ത വിത്യസ്ഥ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ജനപ്രതിനിധികളുടെ സഭയിൽ ചർച്ച നടന്നു. ഇങ്ങനെയെല്ലാം അംഗീകരിച്ച ഒരു പദ്ധതിക്ക് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം നടത്തിയാൽ ജനാധിപത്യത്തിന് എന്തുവില? തീർച്ചയായും അതിലെ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കാൻ ഓഡിറ്റിങ്ങിൽ അധികാരമുണ്ട്. എന്നാൽ പലപ്പോഴും ഈ പദ്ധതി തന്നെ പാടില്ല എന്ന മട്ടിൽ പരാമർശങ്ങൾ വരുന്നു. ഇത്തരം പരാമർശങ്ങൾ വരുന്നതിനാൽ മാർഗ്ഗരേഖയിൽ വ്യക്തമാക്കാത്തതും എന്നാൽ ജനകീയമായ ചർച്ചകളിലൂടെ വന്നതുമായ പദ്ധതികൾ നടപ്പാക്കാൻ ആവുന്നില്ല. ഇത് ജനകീയാസൂത്രണത്തെ മുരടിപ്പിച്ച് അതിന്റെ അന്തസത്ത ചോർത്തിയ ഒരു പ്രധാനഘടകമാണ്. എല്ലാ ജനകീയ ഇടപെടലുകൾക്കും അപ്പുറം ഒരു ഓഡിറ്റ് പരാമർശം ഡെമൊക്ലസിന്റെ വാളു പോലെ ആസൂത്രണ പ്രക്രിയയുടെ തലക്കുമീതെ നിൽക്കുകയാണ്.

28. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഒരു സ്വയംഭരണ സ്ഥാപനത്തിന്റെ അന്തസ്സ് സംരക്ഷിക്കുന്ന രൂപത്തിൽ പ്രത്യേകം സജ്ജമാക്കണം. സർക്കാറിന്റെ മറ്റ് വകുപ്പുകൾ പോലെ കേവലം ഒരു വകുപ്പ് മാത്രമായി ഈ ജനാധിപത്യ വേദിയെ തരം താഴ്ത്തുന്ന രീതി മാറ്റണം; അല്ലെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റിങ്ങ് സംവിധാനം എ ജി ഓഡിറ്റ് പാറ്റേണിലേക്ക് മാറ്റണം.

## സി. നിർവ്വഹണ വിഭാഗത്തിന്റെ അപര്യാപ്തത

- നഗരസഭയിൽ അർപ്പിതമായ അളവിൽ അതിന്റെ അധികാരം വിനിയോഗിക്കാൻ പര്യാപ്തമായ ജീവനക്കാർ ഇല്ല എന്നത് നഗരസഭകളുടെ പ്രവർത്തനത്തെ താളം തെറ്റിക്കുന്നു. ആയതിനാൽ ആവശ്യമായത്ര ജീവനക്കാരെ നൽകാൻ നടപടി സ്വീകരിക്കണം.

- ഹെൽത്ത് - ജനറൽ വിഭാഗങ്ങളിൽ ആവശ്യമായ സ്റ്റാഫിനെ നൽകണം.

- മരാമത്ത് പ്രവർത്തികളുടെ തോതും സംഖ്യയുടെ വലുപ്പവും വർഷം തോറും വർദ്ധിക്കുന്നു. എന്നാൽ നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗം ആ നഗരസഭയിലെ പദ്ധതികൾ നിർവഹിക്കാൻ ആവശ്യമായത്ര ഇല്ല എന്ന പ്രശ്നം നിലനിൽക്കുന്നു. ഇത് മരാമത്ത് പ്രവർത്തികളുടെ കാര്യക്ഷമതയെ ബാധിക്കുകയും കാലതാമസം വരുത്തുകയും ചെയ്യുന്നു. ആയതിനാൽ മരാമത്ത് വിഭാഗത്തെ നഗരത്തിന്റെ ആവശ്യാനുസൃതമായി നിയമിക്കുക.

- മരാമത്ത് വിഭാഗവും - ജനറൽ വിഭാഗവും തമ്മിലുള്ള ഏകോപനത്തിന് കൃത്യമായ മാർഗ്ഗരേഖയുണ്ടാക്കുക.

- മരാമത്ത് പ്രവർത്തികളുടെ സാങ്കേതിക അനുമതി വലിയ പ്രശ്നമായി ഇന്ന് നിൽക്കുകയാണ്. സാങ്കേതിക അനുമതി നൽകാവുന്ന തുകയുടെ പരിധി വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചതാണ് ഇത് കാലോചിതമാക്കണം.

  എ.ഇ - 20,000/-, എ.ഇ.ഇ. - 15 ലക്ഷം, ഇ.ഇ. - 50 ലക്ഷം, എസ്.ഇ - 1 കോടി , സി.ഇ - 1 കോടിയിൽ കവിഞ്ഞത്

  എന്നിങ്ങനെയാണ് ഇന്ന് സാങ്കേതികാനുമതിയുടെ പരിധി. മിക്കവാറും നഗരസഭകളിൽ ഒരു എ.ഇ മാത്രമാണുള്ളത് എന്നതിനാൽ 20000/ രൂപക്കു മുകളിലുള്ള സാങ്കേതിക അനുമതിക്ക് ഫയൽ മറ്റ് ഓഫീസുകളിലേക്ക് അയക്കേണ്ടി വരുന്നു. പുതിയ കാലത്തെ നിരക്കു പ്രകാരം ബിൽഡിംഗ് പോലുള്ള വലിയ പദ്ധതികൾക്ക് മൂന്നും നാലും ഓഫീസുകൾ കയറി ഇറങ്ങേണ്ട അവസ്ഥയാണിന്നുള്ളത്. ഇത് പദ്ധതികൾക്ക് കാലതാമസം വരുത്തുന്നു. ആയതിന് കാലാനുസൃതമായ മാറ്റം ഉണ്ടാവണം.

- നഗരസഭകളിലൊന്നും ഇലക്ട്രിക്കൽ വിങ് ഇല്ലാത്തത് അത്തരം വർക്കുകളുടെ സാങ്കേതിക അനുമതി വൈകിപ്പിക്കാൻ കാരണമാകുന്നു. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

- കെട്ടിടങ്ങൾ, ഷോപ്പിംഗ് മാളുകൾ, മുതലായ വൻപദ്ധതികൾക്ക് പ്രൊജക്ട് റിപ്പോർട്ടും ലെ ഔട്ട് എന്നിവ തയ്യാറാക്കുന്നതിന് എഞ്ചിനീയറിംഗ് വിങ്ങിന്റെ അപര്യാപ്തത പരിഹരിക്കണം.

- തദ്ദേശ സ്ഥാപനങ്ങളുടെ മുകളിലായി ഡി.ടി.പി, എസ്.ടി.പി, മറ്റ് പരിശോധന സംവിധാനങ്ങൾ എന്നിവയുടെ ഇടപെടൽ തദ്ദേശ സ്ഥാപനത്തിന്റെ സ്വയംഭരണാധികാരത്തെ മാനിക്കുന്ന രൂപത്തിൽ ചിട്ടപ്പെടുത്തണം.

- കെ.എസ്.യു.ഡി.പി, ശുചിത്വ മിഷൻ എന്നിവ നഗരസഭകൾക്ക് സാങ്കേതിക ഉപദേശവും സഹായവും നൽകാനുള്ളതാണെന്ന ഉത്തമ ബോധ്യത്തോടെ പ്രവർത്തിക്കുന്നതിന് മാർഗരേഖ വേണം. പലപ്പോഴും നഗരസഭകൾക്ക് മുകളിലുള്ള ഒരു സംവിധാനം എന്ന തലത്തിൽ ഇവയുടെ പ്രവർത്തനം മാറുന്നത് ശ്രദ്ധിച്ച് തിരുത്തണം.

## ഡി. പൊതുവായവ

1. കൗൺസിലർമാർ, ചെയർമാൻമാർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ എന്നിവരുടെ ഹോണറേറിയം അവരുടെ ചുമതലകൾ വെച്ചു നോക്കുമ്പോൾ തുലോം കുറവാണ്. ഇത് വർദ്ധിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.
2. ചെയർമാന്റെ ഐ.ഡി.കാർഡ് സംസ്ഥാന ആഭ്യന്തര വകുപ്പിൽ നിന്നാണ് നൽകേണ്ടത്. ആയത് ഇതുവരെ അനുവദിച്ചുകിട്ടിയില്ല. ആയതിൽ ആവശ്യമായ ഇടപെടൽ ഉണ്ടാവണമെന്ന് അപേക്ഷിക്കുന്നു.
3. 5സെന്റിൽ വീടുവെക്കുന്നതിന് പഴയപാടം- പള്ളാൽ കമ്മറ്റി പുനസ്ഥാപിക്കും
4. നഗരസഭ ചെയർമാൻമാർ - പഞ്ചായത്ത് പ്രസിഡണ്ടുമാർ എന്നിവരുടെ പ്രത്യേക യോഗം വിളിച്ച് പുതിയ മന്ത്രിസഭക്കു മുന്നിൽ അവരുടെ പ്രശ്നങ്ങൾ പറയാൻ വേദിയുണ്ടാക്കുക.
5. കിലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും വികേന്ദ്രീകൃതമാക്കുക.

6. പലപദ്ധതികൾക്കും ഫണ്ട് ബജറ്റിൽ വിലയിരുത്തുന്നുണ്ടെങ്കിലും അതൊന്നും നഗരസഭകൾക്കോ പഞ്ചായത്തുകൾക്കോ ലഭിക്കുന്നില്ല. ആയതിനാൽ പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കി നൽകുന്നവർക്ക് ഫണ്ട് വിഹിതം നൽകുന്നതിന് അടിയന്തിര നടപടിയുണ്ടാവുക. ഡയറക്ടറേറ്റുകളെ ആയതിന് പ്രേരിപ്പിക്കുക.

7. കുടുംബശ്രീകൾക്ക് നിലവിൽ ഫണ്ടില്ലാത്ത സാഹചര്യം ഉണ്ട്. ഇത് പരിഹരിക്കുക.

കേരളത്തിലെ നഗരസഭകളും തദ്ദേശ സ്ഥാപനങ്ങളും ഇന്ന് നേരിടുന്ന പ്രശ്നങ്ങളാണ് ബഹു. തദ്ദേശവകുപ്പ് മന്ത്രിയുടെ അറിവിലേക്കും പരിഗണനക്കുമായി സമർപ്പിക്കുന്നത്. ആവശ്യമായ തുടർ നടപടികളുണ്ടാവണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

SABU K. JACOB
Secretary
Chamber of Municipal Chairmen

V.V. RAMESH
Chairman
Chamber of Municipal Chairmen